**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1856** | **04-02-2026 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 151 കടമുറികൾ കാലങ്ങളായി ഒഴിഞ്ഞു കിടന്നതിൽ വിവിധങ്ങളായ നടപടികളിലൂടെ 101 കടമുറികൾ ടെണ്ടർ ചെയ്ത് ലൈസൻസികൾക്ക് നൽകുകയും ബാക്കിയുള്ളവ നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. ഇത് പ്രതിമാസ ടിക്കറ്റിതര വരുമാനത്തിൽ വലിയ വർദ്ധനവ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ബസ് സ്റ്റേഷൻ പരിസരങ്ങളിൽ ഒഴിഞ്ഞു കിടന്ന സ്ഥലങ്ങൾ sq.ft. അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് സ്റ്റാൾകൾക്ക് അനുവദിച്ചതിലൂടെ 56 സ്ഥലങ്ങളിലായി 26,00,000/- ത്തോളം രൂപ പ്രതിമാസം ടിക്കറ്റിതര വരുമാനത്തിൽ അധികമായി നേടാൻ കഴിയുന്നുണ്ട്.<br><br>ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ വിവിധ യൂണിറ്റുകളിൽ ഉപയോഗ രഹിതമായി കിടക്കുന്ന സ്ഥലങ്ങൾ വാണിജ്യ ആവശ്യത്തിനായി ഉപയോഗിച്ച് വലിയ രീതിയിൽ വരുമാനം ഉണ്ടാക്കുന്നതിനായി BOT അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ്, അമ്യൂസ്മെന്റ് പാർക്ക്, റിസോർട്ട് എന്നിവ നിർമ്മിക്കുന്നതിനായി ടെൻഡർ അടക്കമുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്.<br><br>കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ സൗന്ദര്യവൽക്കരണം എന്ന ലക്ഷ്യത്തോടെ ഡിപ്പോകളുടെ ബ്രാൻഡിംഗ് നടത്തി വരുന്നു. പുനലൂർ, നെടുമങ്ങാട്, വിഴിഞ്ഞം, കാട്ടാക്കട എന്നിവിടങ്ങളിൽ ആയത് പൂർത്തീകരിച്ചു. കൂടുതൽ ബസ് സ്റ്റേഷനുകൾ ബ്രാൻഡിംഗ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. ഇതിൽ നിന്ന് വരുമാനം ലഭിക്കുന്നതാണ്. |

കെ.എസ്.ആർ.ടി.സി.യിലെ പ്രധാനപ്പെട്ട ബസ് സ്റ്റാന്റുകളിൽ യാത്രക്കാർക്ക് സുരക്ഷിതമായി ലഗേജ് സൂക്ഷിക്കുന്നതിന് ഫീസ് ഈടാക്കി ഡിജിറ്റൽ ക്ലോക്ക് റൂം എന്ന പദ്ധതി ആവിഷ്കരിച്ച് പ്രവർത്തിച്ചു വരുന്നു.

മൂന്നാർ ഡിപ്പോയിൽ ടിക്കറ്റിതര വരുമാന വർദ്ധനവിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ഫുഡ് ഹബ് പ്രവർത്തിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

പ്രധാന ബസ് സ്റ്റേഷനുകളിൽ യാത്രാക്കാർക്കായി ഫീസ് ഈടാക്കി VIVO-യുടെ സഹകരണത്തോടെ ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രം, തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ബസ് സ്റ്റേഷനുകളിലെ പൊതു ടോയ്‌ലറ്റുകൾ, സുലഭ് ഇന്റർനാഷണലിന് കൈമാറി വൃത്തിയുള്ള ശൗചാലയങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. കൊറിയർ / പാഴ്സൽ സർവീസ് വിപുലീകരിച്ചതിലൂടെ വരുമാനം മെച്ചപ്പെട്ട രീതിയിൽ വർദ്ധിച്ചു വരുന്നു.

RVSF സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി കെ.എസ്.ആർ.ടി.സി.യെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ, KSRTC e-tender മുഖേന M/s. SIMCO RVSF PVT. LTD. എന്ന കമ്പനിയെ തിരഞ്ഞെടുത്ത് കെ.എസ്.ആർ.ടി.സി.യുടെ എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിൽ 3 ഏക്കർ സ്ഥലത്ത് RVSF (Registered Vehicle Scrapping Facility) പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

സുൽത്താൻ ബത്തേരി, വിതുര എന്നീ കെ.എസ്.ആർ.ടി.സി. സ്ഥലങ്ങളിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും പുക പരിശോധന കേന്ദ്രങ്ങളും കൂടാതെ, ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 15 യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും തിരുവനന്തപുരം വികാസ്ഭവൻ ഡിപ്പോയിൽ ഒരു പുക

പരിശോധനാ കേന്ദ്രവും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗുരുവായൂർ യാത്രാഫ്യൂവൽസ് ഔട്ട് ലെറ്റിൽ ഒരു സി.എൻ.ജി. സ്റ്റേഷനും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്.

- തിരുവനന്തപുരം, എറണാകുളം, മൂന്നാർ എന്നീ സ്ഥലങ്ങളിൽ ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് സർവീസുകൾ ആരംഭിച്ചു.
- മൂന്നാറിൽ എത്തുന്ന വിനോദ സഞ്ചാരികൾക്കായി പ്രത്യേക രീതിയിൽ കെ.എസ്.ആർ.ടി.സി.യുടെ തന്നെ വർക്ക്ഷോപ്പിൽ രൂപകല്പന ചെയ്ത 'റോയൽ വ്യൂ' ഡബിൾ ഡെക്കർ ബസിന്റെ സർവീസ് ആരംഭിച്ചു. 'റോയൽ വ്യൂ 2.0' രണ്ടാമത്തെ ഗ്ലാസ് ഡബിൾ ഡെക്കർ ബസും 2026 ജനുവരി 2 മുതൽ മൂന്നാറിൽ സർവീസ് ആരംഭിച്ചു.
- 'കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ' എന്ന പേരിൽ ബഡ്ജറ്റ് ടൂറിസം സർവീസുകളിൽ യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന പദ്ധതിയും സ്വകാര്യ സംരംഭകരുടെ ലോഡ്ജ് / ഹോം സ്റ്റേ ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയും തുടക്കം കുറിച്ചു.
- വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി 'കെ.എസ്.ആർ.ടി.സി റിഫ്രഷ്' എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ / റെസ്റ്റോറന്റ് ശൃംഖലകൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു.
- വിദ്യാർത്ഥികൾക്കായി വിജ്ഞാനവും വിനോദവും ഒരുമിപ്പിച്ച 'Travel to Technology' പദ്ധതിയിലൂടെ സ്കൂളുകളും, കോളേജുകളും കേന്ദ്രീകരിച്ച് വിദ്യാഭ്യാസ ടൂറിസം ആരംഭിച്ചു.
- ബഡ്ജറ്റ് ടൂറിസത്തിനായി പ്രത്യേക കളർ കോമ്പിനേഷനും ബ്രാൻഡഡ് ലിവറിയുമുള്ള ബസുകൾ അവതരിപ്പിച്ചതിലൂടെ പൊതുജനങ്ങളിൽ വ്യക്തമായ ബ്രാൻഡ്

| | | | |
|---|---|---|---|
| | | | തിരിച്ചറിയൽ സൃഷ്ടിക്കുവാനും വിശ്വാസ്യത വർദ്ധിപ്പിക്കുവാനും സാധിച്ചു.<br><br>2023-24 വർഷത്തിൽ ₹23 കോടി ആയിരുന്ന ബഡ്ജറ്റ് ടൂറിസം സെലിന്റെ വാർഷിക കളക്ഷൻ 2024-25-ൽ ₹43 കോടിയായി ഉയർന്ന്, ഒരു വർഷത്തിനുള്ളിൽ തന്നെ ശ്രദ്ധേയമായ വളർച്ച കൈവരിച്ചു.<br><br>ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഭാഗമായി ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്.<br><br><u>റെന്റൽ മാനേജ്മെന്റ് സിസ്റ്റം</u><br><br>കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണം ഇടപാടുകളും ഓൺലൈൻ വഴി കൈകാര്യം ചെയ്യുന്നതിന് റെന്റൽ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ടിക്കറ്റിതര സ്രോതസ്സുകളിലൂടെ കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിന്റെ എത്ര ശതമാനം ലഭിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ; | (ബി) | ഓഡിറ്റ് ചെയ്യപ്പെടാത്ത ഏപ്രിൽ 2025 മുതൽ ഡിസംബർ 2025 വരെയുള്ള താൽകാലിക കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ആകെ വരുമാനത്തിന്റെ 11.17 ശതമാനം ടിക്കറ്റിതര സ്രോതസ്സുകളിലൂടെ ലഭിച്ചിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>• ലക്ഷ്വറി പ്രീമിയം ബസ്സുകൾ ബിസിനസ് ക്ലാസ് നിലവാരത്തിൽ നിർമ്മിച്ച് നിരത്തിലിറക്കി പ്രീമിയം ക്ലാസ് യാത്രക്കാരെ കൂടി പൊതുഗതാഗതത്തിലേയ്ക്ക് ആകർഷിക്കും.<br>• പുതുതായി ലഭ്യമാകുന്ന ബസ്സുകൾ വരുന്നതോടെ സ്പെയർ ആകുന്ന ബസ്സുകളും ഡോക്കിൽ നിന്നും ഇറക്കുന്ന ഓർഡിനറി ബസ്സുകളും ഉപയോഗിച്ച് ജനോപകാരപ്രദവും ലാഭകരവുമായ പുതിയ റൂട്ടുകളിൽ കൂടുതൽ സർവീസുകൾ ആരംഭിക്കും.<br>• ബെംഗളൂരു, ചെന്നൈ, മൈസൂർ എന്നീ പ്രധാന അന്തർസംസ്ഥാന റൂട്ടുകളിൽ വാരാദ്യ-വാരാന്ത്യ സർവീസുകളും അഡീഷണൽ സർവീസുകളും അധികമായി ഡിമാന്റുള്ള പ്രധാന ഡിപ്പോകളിൽ നിന്നും ആരംഭിച്ചും അധിക അന്തർസംസ്ഥാന സർവീസുകൾ ആരംഭിച്ചും അന്തർ സംസ്ഥാന യാത്ര കൂടുതൽ |

ജനോപകാരപ്രദമാക്കി കെ.എസ്.ആർ.ടി.സി.യ്ക്ക് ഗുണകരമാക്കും.

- ബി.റ്റി.സി., പ്രൈവറ്റ് ഹയർ തുടങ്ങിയ സർവീസുകളിലൂടെ അധിക വരുമാനം കണ്ടെത്താൻ കഴിയുന്നതാണ്. പ്രൈവറ്റ് ഹയർ നിരക്ക് ആകർഷകമാക്കിയതിലൂടെ കൂടുതൽ യാത്രക്കാർക്ക് പ്രയോജനകരമാകുമെന്നും കെ.എസ്.ആർ.ടി.സി.യുടെ വരുമാന വർദ്ധനവിന് സഹായകമാകും.
- ഇനിയും പുതിയ ഡബിൾ ഡക്കർ അടക്കം വിവിധ ശ്രേണി ബസ്സുകൾ വരുന്നതോടുകൂടി മൂന്നാർ, തിരുവനന്തപുരം എന്നിവിടങ്ങളിലെ ബി.റ്റി.സി. സർവീസ് മാതൃകയിൽ കൂടുതൽ സർവീസുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.
- കൂട്ടായ പ്രവർത്തനത്തിലൂടെ ബസ് ഓഫ് റോഡ് കുറച്ചും സർവീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തിയും, ഡ്യൂട്ടി പാറ്റേൺ ക്രമീകരിച്ചും ഡെഡ് ട്രിപ്പ് ഒഴിവാക്കിയും ജീവനക്കാരെ ഗുണകരമായി വിന്യസിച്ചും കെ.എസ്.ആർ.ടി.സി.യെ ചെലവ് ചുരുക്കി കൂടുതൽ ജനോപകാരപ്രദവും ലാഭകരവുമാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായ 63 കോടി രൂപ വിനിയോഗിച്ച് പുതുതലമുറ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് വിപുലീകരിക്കുന്നതിനോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ സ്ത്രീ തൊഴിലാളികൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും, കെ.എസ്.ആർ.ടി.സി.

ഡിപ്പോകളിൽ ഹോർഡിംങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, ഡിപ്പോകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ വാടകയ്ക്ക് നൽകി വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും, വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് പരാമാവധി 16 മണിക്കൂറിനുള്ളിൽ എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ / ലോജിസ്റ്റിക്സ് പദ്ധതി എന്നിവ ഉൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻ വേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ യാത്രാഫ്യുവൽ ഔട്ട് ലെറ്റുകളും, Pollution Testing Centre-കളും ല്യൂബ് ഷോപ്പുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സെൻട്രൽ വർക്ക്ഷോപ്പിൽ ശീതീകരണ സംവിധാനം അടക്കം ഏർപ്പെടുത്തിയും, സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളിൽ മതിയായ ജീവനക്കാരെ പുനർവിന്യസിച്ചും ബസ്സുകളുടെ ഓഫ്റോഡ് കുറയ്ക്കുന്നതിനായി പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ സർവ്വീസിന് ഉപയോഗിച്ചു വരുന്ന സൂപ്പർ ക്ലാസ്സ് (സൂപ്പർ ഡീലക്സ്, വോൾവോ തുടങ്ങിയവ) ശ്രേണിയിൽപ്പെട്ട ബസ്സുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാവിധ അറ്റകുറ്റപണികളും നടത്തി റീ ഫർബിഷിംഗ് പൂർത്തീകരിച്ച് 27.01.2026-ൽ 125 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആവശ്യത്തിലേയ്ക്ക് 29 ബസ്സുകളും റീ ഫർബിഷിംഗ് വർക്കുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. മറ്റ് ബസ്സുകളുടെ റീ ഫർബിഷിംഗ് വർക്കുകൾ പുരോഗതിയിലാണ്.

കെ.എസ്.ആർ.ടി.സി.യിൽ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 151 കടമുറികൾ കാലങ്ങളായി ഒഴിഞ്ഞു കിടന്നതിൽ വിവിധങ്ങളായ നടപടികളിലൂടെ 101 കടമുറികൾ ഇതിനോടകം ടെണ്ടർ ചെയ്തു ലൈസൻസികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ബാക്കിയുള്ള 50 കടമുറികൾ ടെണ്ടർ ചെയ്തു

നൽകുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരുന്നു. ബസ് സ്റ്റേഷൻ പരിസരങ്ങളിൽ ഒഴിഞ്ഞു കിടന്ന സ്ഥലങ്ങൾ sq.ft. അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് സ്റ്റാൾകൾക്ക് അനുവദിച്ചതിലൂടെ 56 സ്ഥലങ്ങളിലായി 26,00,000/- ത്തോളം രൂപ പ്രതിമാസം ടിക്കറ്റിതര വരുമാനത്തിൽ അധികമായി നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ കൂടുതൽ സ്ഥലങ്ങൾ sq.ft. അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് സ്റ്റാൾകൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ വിവിധ യൂണിറ്റുകളിൽ ഉപയോഗ രഹിതമായി കിടക്കുന്ന സ്ഥലങ്ങൾ വാണിജ്യ ആവശ്യത്തിനായി ഉപയോഗിച്ച് വരുമാനം ഉണ്ടാക്കുന്നതിനായി BOT അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ്, അമ്യൂസ്മെന്റ് പാർക്ക്, റിസോർട്ട് എന്നിവ നിർമിക്കുന്നതിനായി ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

21 ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചു. പുതിയതായി 10 ഡ്രൈവിംഗ് സ്കൂളുകൾ കൂടി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റ് ഡിജിറ്റലൈസേഷന്റെ ഭാഗമായി ഐ.ടി. വിഭാഗത്തിൽ ഏർപ്പെടുത്തിയ പുതിയ പരിഷ്കാരങ്ങൾ</u>

- ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ.
- ഓൺലൈൻ സ്റ്റുഡന്റ് കൺസഷൻ സംവിധാനം.
- ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം & ലൈവ് ടിക്കറ്റിംഗ്.
- സ്മാർട്ട് ട്രാവൽ കാർഡ്.
- റെന്റൽ മാനേജ്മെന്റ് സിസ്റ്റം.
- കൊറിയർ ആൻഡ് ലോജിസ്റ്റിക്സ്.
- കസ്റ്റമർ കെയർ പോർട്ടൽ.
- ഇന്ധനക്ഷമത കണക്കാക്കുന്നതിനുള്ള പ്രോഗ്രാം.
- ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം.
- ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ.
- കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ മാനേജ്മെന്റ് സിസ്റ്റം.
- Passenger Information System - PIS.
- ഇന്റലിജന്റ് കമാൻഡ് & കൺട്രോൾ സെന്റർ (ICCC).
- AI-പവർഡ് ഷെഡ്യൂൾ മാനേജ്മെന്റ് സിസ്റ്റം.

| | | | | |
|---|---|---|---|---|
| | | | | • ഡിജിറ്റൽ ബസ് പരസ്യ പ്ലാറ്റ്ഫോം.<br>• Integrated Expense & Revenue Management System (IERMS).<br><br><u>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്</u><br><br>കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ വേണ്ടി, സ.ഉ.(അച്ചടി) നം. 58/2021/TRANS തീയതി 11.12.2021 പ്രകാരം KIIFB ധനസഹായം നൽകുന്ന പുതിയ ബസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും, സംസ്ഥാന പ്ലാൻസ്കീമുകൾക്ക് കീഴിലുള്ള ബസുകൾ, സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ മറ്റ് സ്കീമുകൾക്ക് കീഴിൽ ലഭിച്ച ബസുകൾ, തുടങ്ങിയ കാലാകാലങ്ങളിൽ സർക്കാർ ഏൽപ്പിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്ക് വേണ്ടി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന കമ്പനി രൂപീകരിച്ചു.<br><br>യാത്രക്കാർക്ക് മികവുറ്റ യാത്രാസൗകര്യം നൽകുന്നതിനായി ആധുനിക സൗകര്യങ്ങൾ ആയ പുഷ്ബാക്ക് റിക്ലൈനിങ് സീറ്റ് / ബെർത്ത്, മൊബൈൽ ചാർജിങ് പോയിന്റ്, വൈഫൈ സൗകര്യം, റീഡിങ് ലാമ്പുകൾ, ബോട്ടിൽ ഹോൾഡറുകൾ, മാഗസിൻ പൗച്ച്, മ്യൂസിക് സിസ്റ്റം, TV, CCTV ക്യാമറ, എയർ സസ്പെൻഷൻ തുടങ്ങിയ സൗകര്യങ്ങളോട് കൂടിയ എ.സി. സീറ്റർ / സ്ലീപ്പർ / സീറ്റർ കം സ്ലീപ്പർ ബസുകൾ ആണ് പുതുതായി നിരത്തിൽ ഇറക്കിയിട്ടുള്ളത്.<br><br>ഇവ കൂടാതെ 2 ഓപ്പൺ ഇലക്ട്രിക് ഡബിൾ ഡെക്കർ ബസുകൾ വാങ്ങുന്നതിനായി വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. ടി ബസുകൾ ലഭ്യമാകുന്ന മുറക്ക് കെ.എസ്.ആർ.ടി.സി.യുടെ ബജറ്റ് ടൂറിസം സെല്ലിന് കീഴിൽ സർവീസ് നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ